# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 167 — 18-06-2012-ന് മറുപടി നൽകേണ്ടത്

## സർക്കാരിന്റെ ഒരു വർഷക്കാലത്തെ നേട്ടങ്ങൾ

**ചോദ്യം**

ശ്രീ. മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ
,, സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | ഈ സർക്കാർ കഴിഞ്ഞ ഒരു വർഷക്കാലം നടപ്പാക്കിയ പ്രവർത്തനങ്ങൾ തുടർന്നും നടപ്പാക്കുന്നതിന് സ്വീകരിക്കുന്ന നടപടി എന്തൊക്കെന്ന് വ്യക്തമാക്കുമോ; | (എ) | വികസനവും കരുതലും ലക്ഷ്യമിട്ട് സർക്കാർ നടപ്പാക്കി വരുന്ന സപ്തധാരാ പദ്ധതിയുടെ തുടർച്ചയായി നിരവധി വികസന, ക്ഷേമ പരിപാടികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. "ഭരണത്തിന് കാര്യക്ഷമതയും, സുതാര്യതയും, മാനുഷിക മുഖവും, കാരുണ്യവും, കാതലായ അടിസ്ഥാന സൗകര്യ വികസനം, സമയനിഷ്ഠയോടുകൂടിയ പദ്ധതി നിർവ്വഹണം" എന്നതാണ് സർക്കാരിന്റെ സമീപനം. |
| (ബി) | അടിസ്ഥാന സൗകര്യ മേഖലയിലും, ക്ഷേമ പ്രവർത്തനങ്ങളിലും കൈവരിച്ച നേട്ടങ്ങൾ എന്നിവ വിശദമാക്കുമോ; | (ബി) | അടിസ്ഥാന സൗകര്യമേഖലയിൽ വികസനം ലക്ഷ്യമിട്ട് സ്മാർട്ട് സിറ്റി നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. കൊച്ചി മെട്രോ റെയിൽ പദ്ധതിക്കുള്ള കേന്ദ്രാനുമതി അവസാനഘട്ടത്തിലാണ്. വിഴിഞ്ഞം തുറമുഖ പദ്ധതിക്കായുള്ള ടെന്റർ നടപടിക്രമങ്ങൾ നടന്നുവരുന്നു. കണ്ണൂർ വിമാനത്താവളത്തിന്റെ റൺവേയുടെ നിർമ്മാണം ഈ വർഷം ആരംഭിക്കും. 2000 കോടി രൂപ മുടക്കി കേരളത്തിൽ പ്രകൃതി വാതക ശൃംഖല സ്ഥാപിക്കാൻ KSIDC-യും GAIL ഉം തമ്മിൽ കരാറായി. തിരുവനന്തപുരത്തും കോഴിക്കോടും മോണോ റെയിൽ നടപ്പിലാക്കുന്നതിന്റെ സാദ്ധ്യതാപഠനം പൂർത്തിയായി. കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാതയുടെ നിർമ്മാണം 2012 ഡിസംബർ 31-നകം പൂർത്തിയാക്കും. രാജീവ് ഗാന്ധി സെന്റർ ഫോർ ബയോ ടെക്നോളജിയുടെ രണ്ടാം ക്യാമ്പസ് ആക്കുളത്തിന് സമീപം ചെറുവയ്ക്കലിൽ ആരംഭിക്കും. സംസ്ഥാനത്തെ |

1000 കിലോമീറ്റർ റോഡുകൾ ADB-യുടെ സഹായത്തോടെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തും

താഴെപ്പറയുന്നവയുൾപ്പെടെ നിരവധി ക്ഷേമപദ്ധതികൾക്കും തുടക്കം കുറിക്കാൻ സാധിച്ചു.

സംസ്ഥാനത്തെ മുഴുവൻ പാവപ്പെട്ടവർക്കും ഒരു രൂപാ നിരക്കിൽ 25 കിലോ അരി പ്രതിമാസം നൽകി, ആശ്രയ പദ്ധതി നടപ്പാക്കാതിരുന്ന 138 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ 75 എണ്ണത്തിലേയ്ക്ക് പദ്ധതി വ്യാപിപ്പിച്ചു, മൂലമ്പിള്ളി സമരം ഒത്തുതീർപ്പാക്കി, 7 വർഷം നീണ്ട ചെങ്ങറ സമരത്തിന് ആധാരമായ ഭൂമി പ്രശ്നത്തിന് ധാരണയായി, എൻഡോസൾഫാൻ ദുരിത ബാധിതർക്ക് ധനസഹായം നൽകുകയും സംസ്ഥാനത്ത് എൻഡോസൾഫാൻ കർശനമായി നിരോധിക്കുകയും ചെയ്തു, അട്ടപ്പാടിയിൽ ആദിവാസികൾക്ക് നഷ്ടപ്പെട്ട ഭൂമി തിരികെ നല്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടു, അട്ടപ്പാടിയിൽ ആദിവാസി വിദ്യാർത്ഥികളുടെ ഉന്നതവിദ്യാഭ്യാസത്തിന് ഗവൺമെന്റ് കോളേജ് അനുവദിച്ചു, ആറളം ഫാമിലെ 735 കുടുംബങ്ങൾക്ക് പട്ടയത്തിന് നടപടി, ബധിര-മൂകരായ കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ നടത്താൻ അഞ്ചുലക്ഷം രൂപ വീതം അനുവദിക്കാൻ നടപടി, തൊഴിൽ വകുപ്പിന് കീഴിലുള്ള എല്ലാ ക്ഷേമനിധി അംഗങ്ങൾക്കും പെൻഷൻ തുക 300 രൂപയിൽനിന്നും 400 രൂപയാക്കി. പാമ്പ് കടിയേറ്റും, ഇടിമിന്നലേറ്റും മരിക്കുന്നവരുടെ കുടുംബാംഗങ്ങൾക്ക് ഒരു ലക്ഷം രൂപ ധനസഹായം അനുവദിച്ചു, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ മത്സരിക്കാൻ ജോലി രാജിവച്ച അംഗണവാടി ടീച്ചർമാർക്കും ഹെൽപ്പർമാർക്കും പുനർനിയമനം നൽകും, വയോജനങ്ങൾക്ക് വയോമിത്രം പദ്ധതി നടപ്പിലാക്കി, സർക്കാർ സർവ്വീസിൽ വികലാംഗർക്ക് അർഹതപ്പെട്ട ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ടുചെയ്യാനും ഒഴിവുകൾ ഇല്ലാത്ത വകുപ്പുകളിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നടത്താൻ തീരുമാനിച്ചു, സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി സമിതി രൂപീകരിച്ചു. അവിവാഹിതരായ പട്ടികവർഗ്ഗ അമ്മമാരുടെ പെൻഷൻ 300 രൂപയിൽനിന്നും 1000 രൂപയായി, ആദിവാസി മേഖലയിൽ ഏറ്റവും

| | | | |
|---|---|---|---|
| | | | പിന്നാക്കം നിൽക്കുന്ന പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന ബദൽ സ്കൂളുകൾ നില നിർത്തി, മദ്രസാ അദ്ധ്യാപക ക്ഷേമനിധി പലിശരഹിതമാക്കി. ഒരു ഹെക്ടറിൻ താഴെ ഭൂമിയുള്ളവരും 60 വയസ്സ് കഴിഞ്ഞവരുമായ കർഷകർക്ക് പ്രതിമാസം 300 രൂപ പെൻഷൻ അനുവദിച്ചു. |
| (സി) | പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് കൂടുതൽ ക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | സർക്കാരിന്റെ ഒന്നാം വാർഷികാഘോഷത്തിന്റെ ഭാഗമായി പ്രഖ്യാപിച്ച പരിപാടികളിൽ താഴെപ്പറയുന്നതുൾപ്പെടെ ക്ഷേമ പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചു. സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങൾ തടയുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനുമുള്ള നിർഭയ പദ്ധതി ആരംഭിച്ചു, നിർദ്ധന കുടുംബത്തിൽപ്പെട്ടവരുടെ സഹകരണ വായ്പകളിൽ പിഴപലിശ ഒഴിവാക്കും. വായ്പ എടുത്തയാൾ മരിച്ചാൽ ഒരു ലക്ഷം രൂപവരെ എഴുതിത്തള്ളും. വായ്പ തുക കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് സംസ്ഥാന സർക്കാരിന്റെ സബ്സിഡികൂടി ഉൾപ്പെടുത്തി ഹ്രസ്വ കാല കാർഷിക വായ്പ പൂർണമായും പലിശരഹിത വായ്പയായി വിതരണം ചെയ്യാൻ പദ്ധതി, ആദായനികുതി അടയ്ക്കുന്നവർ ഒഴികെ സർക്കാർ ആശുപത്രികളിലെ എല്ലാ വിഭാഗം രോഗികൾക്കും സൗജന്യ ജനറിക് മെഡിസിൻ, ആൺമക്കളുണ്ടെങ്കിലും അവരുടെ സംരക്ഷണം ലഭിക്കാത്ത മാതാപിതാക്കളെക്കൂടി വാർദ്ധക്യകാല/ വിധവ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തും അവിവാഹിതരായ അമ്മമാരുടെ ക്ഷേമത്തിനായി പുനരധിവാസ പദ്ധതി നടപ്പിലാക്കി. മാതാപിതാക്കൾ നഷ്ടപ്പെട്ട 4500 കുട്ടികൾക്ക് പഠിക്കാൻ 'സ്നേഹപൂർവ്വം' പദ്ധതിയിൽ സാമ്പത്തിക സഹായം നൽകും. 1 മുതൽ 5 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് 300 രൂപാ വീതവും, 6 മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് 500 രൂപാ വീതവും പ്ലസ് വൺ-പ്ലസ്ടു കുട്ടികൾക്ക് 750 രൂപാ വീതവും നൽകും. മാനസിക രോഗികളെ പരിചരിക്കുന്ന ബന്ധുക്കൾക്ക് ആശാകിരൺ പദ്ധതിയിൽ 400 രൂപ പ്രതിമാസ ധനസഹായം, എൻഡോസൾഫാൻ ദുരിത ബാധിതർക്ക് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്ത നഷ്ടപരിഹാരം സർക്കാർ അംഗീകരിച്ചു. നിത്യോപയോഗ സാധനങ്ങൾ റേഷൻകടവഴി |

| | | | |
|---|---|---|---|
| | | | കാലവർഷ കെടുതികളിൽ കൃഷിനാശം സംഭവിക്കുന്നവർക്ക് പുതിയ നിരക്കിലുള്ള ആനുകൂല്യം നൽകും. ന്യൂനപക്ഷ കമ്മീഷൻ, ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ എന്നിവ രൂപീകരിക്കും. ന്യൂനപക്ഷ വനിതകൾക്കായുള്ള പദ്ധതികൾ ആരംഭിക്കും. തീരപ്രദേശങ്ങളിൽ കടൽവെള്ളം ശുദ്ധീകരിച്ച് കുടിവെള്ളം നൽകുന്ന പദ്ധതി നടപ്പിലാക്കും. സംസ്ഥാനത്ത് ഈ വർഷം വേതന സുരക്ഷാ പദ്ധതി നിലവിൽ വരും. |

സെക്ഷൻ ഓഫീസർ